# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2671 — 17.06.2019 -ൽ മറുപടിയ്ക്ക്

## ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ഫീൽഡ് ഡ്യൂട്ടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ്.പി | ശ്രീ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ജോലികൾ കൃത്യമായി നിർവചിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ആനിമൽ ഹസ്ബന്ററി ഡിപ്പാർട്ട്മെന്റ് മാന്വലിൽ ചാപ്റ്റർ II സെക്ഷൻ നമ്പർ 3 ൽ ഖണ്ഡിക നമ്പർ 7 ലെ ഡ്യൂട്ടീസ് ആൻഡ് ഫംഗ്ഷൻസിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ജോലികൾ എന്തെല്ലാമാണെന്ന് പ്രതിപാദിക്കുന്നുണ്ട്. ആയതു ചുവടെ ചേർക്കുന്നു.<br>1. പശു, എരുമ എന്നിവയിൽ കൃത്രിമ ബീജധാനം നടത്തുക.<br>2.കൃത്രിമ ബീജധാനം നടത്തി 3 മാസത്തിനുശേഷം ഗർഭ പരിശോധന നടത്തുക.<br>3. രാവിലെ 9 മുതൽ 9.30 വരെ ഫീൽഡ് വർക്ക് നടത്തി ഫീൽഡ് നോട്ട് ബുക്കിൽ പ്രതിദിന പാലുത്പാദനം, ഗർഭ പരിശോധന, വിര മരുന്ന് വിതരണം, പുൽക്കൃഷി വികസനം, വകുപ്പിന്റെ പദ്ധതി നിർവഹണം, വിജ്ഞാന വ്യാപനം, തുടങ്ങി പ്രതിദിനം കൈകാര്യം ചെയ്യുന്ന വിഷയങ്ങളുടെ വിവരണം രേഖപ്പെടുത്തുക.<br>4. പശു, എരുമ എന്നീ മൃഗങ്ങളിൽ വന്ധ്യത ഉള്ളതായി ബോദ്ധ്യപ്പെട്ടാൽ ചികിത്സക്കായി അടുത്തുള്ള വെറ്ററിനറി സർജന് റിപ്പോർട്ട് ചെയ്യുക.<br>5. കർഷകരുടെ മൃഗങ്ങൾക്ക് പ്രാഥമിക ശുശ്രൂഷക്കുള്ള മരുന്നുകൾ വിതരണം ചെയ്യുക.<br>6. പുൽകൃഷിയുടെ വ്യാപനം പ്രോത്സാഹിപ്പിക്കുക.<br>7. മൃഗസംരക്ഷണ വകുപ്പുമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ വെറ്ററിനറി സർജനെ സഹായിക്കുക. |

8. മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ കർഷകരിൽ എത്തിക്കുക.

9.പ്രതിരോധ കുത്തിവയ്പ്പ് പ്രവർത്തനങ്ങൾ നടത്തുക.

10. പ്രാഥമിക ശുശ്രൂഷ പ്രവർത്തനങ്ങൾ നടത്തുക.

11.ഓഫീസ് പ്രവർത്തനങ്ങളിൽ വെറ്ററിനറി സർജനെ സഹായിക്കുക.

12. മൃഗങ്ങളുടെ പ്രതിരോധ കുത്തിവയ്പ്പിന്റെ തൽസമയ ഓൺലൈൻ റിപ്പോർട്ടിങ്.

13. കൃത്രിമ ബീജധാനത്തിന്റെ INAPH തൽസമയ എൻട്രി.

കൂടാതെ കാലാകാലങ്ങളിൽ സർക്കാർ ഏൽപ്പിക്കുന്ന ചുമതലകൾ നിർവ്വഹിക്കുവാനും ബാദ്ധ്യസ്ഥരാണ്.

(ബി) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ ഫീൽഡ് ഡ്യൂട്ടി കൃത്യമായി നിർവഹിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ എന്ത് സംവിധാനമാണ് നിലവിലുള്ളത്; ഇവരുടെ ഫീൽഡ് ഡ്യൂട്ടി മൃഗപരിപാലകർക്ക് പ്രയോജനപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ലൈവ്സ്റ്റോക്ക് ഇൻസ്പക്ടർമാരുടെ നിയന്ത്രണം അതാത് വെറ്ററിനറി ഡിസ്പെൻസറി/വെറ്ററിനറി ഹോസ്പിറ്റലിലെ ഓഫീസർമാരുടെ ചുമതലയാണ്.

താലൂക്ക് തലത്തിൽ ലൈവ്സ്റ്റോക്ക് ഇൻസ്പക്ടർമാരുടെ പ്രവർത്തനം പരിശോധിക്കുന്നതിനും ആകസ്മിക പരിശോധനകൾ നടത്തുന്നതിനും ആർ.എ.എച്ച്.സി കളിലെ അസിസ്റ്റന്റ് പ്രോജക്ട് ആഫീസർമാർക്ക് പ്രതിമാസ ടാർജറ്റ് നൽകിയിട്ടുണ്ട്.

ലൈവ്സ്റ്റോക്ക് ഇൻസ്പക്ടർമാർ ഉൾപ്പടെ മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ക്രമക്കേടുകൾക്കെതിരെ സമയബന്ധിതമായി കർശന നടപടികൾ സ്വീകരിക്കുന്നതിനും മൃഗസംരക്ഷണ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർക്ക് ആകസ്മിക പരിശോധനകൾ നടത്തുന്നതിനുള്ള പ്രതിമാസ ടാർജറ്റ് നൽകിയിട്ടുണ്ട്. ക്രമക്കേടുകളിൽ ഉത്തരവാദികളായവർക്കെതിരെ അച്ചടക്കനടപടി ഉൾപ്പടെയുള്ള തുടർനടപടി സ്വീകരിച്ചു വരുന്നുണ്ട് .

പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കുകയും കുറ്റക്കാർക്കെതിരെ വകുപ്പു തലത്തിൽ നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു.

| | |
|---|---|
| (സി) പ്രസ്തുത ഉദ്യോഗസ്ഥർ ഫീൽഡ് ഡ്യൂട്ടി സൗകര്യം ദുരുപയോഗപ്പെടുത്തി ഓഫീസിലും ഫീൽഡിലും ഡ്യൂട്ടി ചെയ്യാതെ കൃത്യവിലോപം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ചില ജീവനക്കാർക്കെതിരായി പരാതി ലഭിയ്ക്കുന്നതും ശ്രദ്ധയിൽപ്പെടുന്നതുമായ ഇത്തരം പരാതികളിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. ജില്ലാതലത്തിൽ ജീവനക്കാരുടെ വീഴ്ചകൾ കണ്ടെത്തുന്നതിന് ജില്ലാ മൃഗസംരക്ഷണ ആഫീസിലെ ഡെപ്യൂട്ടി ഡയറക്ടറെ ജില്ലാതല വിജിലൻസ് ആഫീസറാക്കി വിജിലൻസ് വിഭാഗം പ്രവർത്തിയ്ക്കുന്നുണ്ട്. അച്ചടക്ക നടപടികൾ ഏകീകരിച്ച് നടപടി സ്വീകരിയ്ക്കുന്നതിന് വിജിലൻസ് സെക്ഷൻ ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ ഓഫീസ് മേധാവികൾക്ക് അച്ചടക്ക നടപടികൾ സംബന്ധിച്ച് കൂടുതൽ അവബോധം സൃഷ്ടിയ്ക്കുന്നതിന് ജില്ലാതലത്തിൽ ക്ലാസുകൾ നടത്തുന്നുണ്ട്. |
| (ഡി) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സേവനം കൂടുതൽ ഫലപ്രദമാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) നിലവിലുള്ള ചുമതലകൾക്കു പുറമെ വകുപ്പ് നടപ്പിലാക്കുന്നതും, പഞ്ചായത്ത് നടപ്പിലാക്കുന്നതുമായ പദ്ധതികളിൽ വെറ്ററിനറി സർജന്മാരെ സഹായിക്കാനുള്ള ചുമതല കൂടി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരെ ഏൽപ്പിച്ചിട്ടുണ്ട്. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിലെ കന്നുകുട്ടി തീറ്റ വിതരണത്തിന്റെ പൂർണ്ണ ചുമതല ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരെ ഏൽപ്പിച്ചിട്ടുണ്ട്. കൂടാതെ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഇരുപതാമത് കന്നുകാലി സെൻസസ് പൂർണമായും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരാണ് കണക്കെടുപ്പ് നടത്തി കൊണ്ടിരിക്കുന്നത്. ഇപ്രകാരം ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സേവനം കൂടുതൽ ഫലപ്രദമായി വിനിയോഗിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ